(സി) 2001-ലെ കാനേഷുമാരി കണക്കനുസരിച്ച് 50,000-ത്തിൽ കൂടുതൽ ജനസംഖ്യ ഉള്ളതും 30 സ്ക്വയർ കിലോമീറ്ററിനുമേൽ വിസ്തൃതിയുള്ളതുമായ 9 പഞ്ചായത്തുകളെ വിഭജിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

പുതുതായി പഞ്ചായത്ത് രൂപീകരണം

92 [867] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വെളിപ്പെടുത്താമോ ;

(ബി) പുനർനിർണ്ണയത്തിന്റെ നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 50,000-ൽ അധികം ജനസംഖ്യ ഉള്ളതും 30 ച.കി.മീറ്ററിൽ കൂടുതൽ വിസ്തൃതി ഉള്ളതും തനതു ഫണ്ട് സ്വരൂപിക്കാൻ കഴിവുള്ളതുമായ പഞ്ചായത്തുകളെയാണ് വിഭജിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) ഇതു സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പഞ്ചായത്ത് വിഭജനം

93 [868] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ ഏതെല്ലാം പഞ്ചായത്തുകൾ വിഭജിക്കാൻ നീക്കം നടക്കുന്നുണ്ട് ;

(ബി) കേരളത്തിലെ ഏറ്റവും വലിയ പഞ്ചായത്ത് ഏതാണ് ; പ്രസ്തുത പഞ്ചായത്ത് വിഭജിക്കുന്നുണ്ടോ ;

(സി) ചാത്തന്നൂർ പഞ്ചായത്ത് വിഭജിക്കാൻ ഉദ്ദേശമുണ്ടോ ;

(ഡി) ഏതൊക്കെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് പഞ്ചായത്ത് വിഭജനം നടത്തുന്നത് എന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) താഴെ പറയുന്ന 9 ഗ്രാമപഞ്ചായത്തുകളെ വിഭജിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു:

പഞ്ചായത്തുകളുടെ പേര്	ജില്ല
1. പാത്തന്നൂർ	കൊല്ലം
2. കടയ്ക്കൽ	,,
3. തൃക്കോവിൽവട്ടം	,,
4. മുണ്ടക്കയം	കോട്ടയം
5. മൂന്നാർ	ഇടുക്കി
6. മണ്ണാർക്കാട്	പാലക്കാട്
7. തവന്നൂർ	മലപ്പുറം
8. ചീക്കോട്	,,
9. താമരശ്ശേരി	കോഴിക്കോട്

(ബി) കുമിളി ഗ്രാമപഞ്ചായത്ത്, ഇല്ല.

(സി) ഉണ്ട്.

(ഡി) 50,000-ൽ അധികം ജനസംഖ്യയുള്ളതും 30 സ്ക്വയർ കിലോമീറ്ററിൻമേൽ വിസ്തൃതി ഉള്ളതും പ്രവർത്തനത്തിന് ആവശ്യമായ തനത് ഫണ്ട് സ്വരൂപിക്കുവാൻ ശേഷിയുള്ളുതുമായ ഗ്രാമപഞ്ചായത്തുകളെയാണ് വിഭജിക്കുവാൻ ഉദ്ദേശിക്കുന്നത്.

പഞ്ചായത്തുകളുടെ വിഭജനം

94 [869] ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്തുകളുടെ വിഭജനം എപ്പോൾ പൂർത്തീകരിക്കപ്പെടും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനു മുമ്പ് പഞ്ചായത്തുകളുടെ വിഭജനം നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly